# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2781** . **10.12.2014-ൽ** മറുപടിക്കുണ്ടായിരുന്നത്.

## എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കെ.ജയചന്ദ്രൻ 236<br>ശ്രീ.ബി.ഡി.ദേവസ്സി 768<br>ശ്രീമതി.കെ.എസ്.സലീഖ 804<br>ശ്രീ.പി.റ്റി.എ.റഹീം 796 | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ളം ലഭ്യ മല്ലാത്തവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ എതു ഘട്ടത്തിലാണ്; | (എ) നിലവിൽ 30 ശതമാനം ആളുകൾക്കാണ് പൈപ്പ് വഴി കുടിവെള്ളം നൽകുവാൻ സാധിക്കുന്നത്. തുടങ്ങി വച്ച പണികൾ പൂർത്തിയാകുമ്പോൾ ഇതു 60 ശതമാനം ആകുമെന്ന് കണക്കാക്കിയിരിക്കുന്നു. എല്ലാവർക്കും കുടി വെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യ മിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. ഈ പദ്ധതി കളിൽ 14 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് മൊത്തം എന്തു തുക ചെലവ് വരും; തന്നാണ്ടിലെ ബജറ്റിൽ അതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; വകയിരുത്തപ്പെട്ട തുകയിൽ ഇതിനകം ഖജനാവിൽ നിന്നും ചെലവായതെത്ര; | (ബി) മിഷൻ 676-ൽ ഉൾപ്പെട്ട 154 പദ്ധതികൾക്ക് 3018 കോടി രൂപ ചെലവു വരും. ഇതിനായി തിരഞ്ഞെടുത്തിരിക്കുന്ന പദ്ധതികളുടെ ഓരോ ഹെഡിലുമായി 2014-15 ബഡ്ജറ്റിൽ 43128 ലക്ഷം രൂപയാണ് വകയിരുത്തി യിരിക്കുന്നത്. സർക്കാരിന്റെ മിഷൻ |

676-ലെ 154 തിരഞ്ഞെടുത്ത പദ്ധതികൾ ഉൾപ്പെട്ട ഹെഡിലെ മൊത്തം വകയിരിത്തിയിരിക്കുന്ന തുകയാണിത്. എന്നാൽ മിഷൻ 676-ലെ 154 തെരഞ്ഞെടുത്ത പദ്ധതികൾക്ക് 2014-15ലെ ബഡ്ജറ്റിൽ വകയിരുത്തിയത് 360.40 കോടി രൂപയാണ്. മിഷൻ 676 ഏറ്റെടുത്ത ഈ 154 പദ്ധതികൾക്കായി 2014-15-ൽ നവംബർ 2014 വരെ 181.88 കോടി രൂപ ചിലവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം ഏത് തീയതിക്കകം കൈവരിക്കാനു ദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കാമോ? | (സി) | എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യ മിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. മിഷൻ 676-ലെ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ കാലാവധി 28/02/2016 ആണ്. എന്നാൽ വിഷൻ 2030 എന്ന ആശയത്തോടെ 2030 ആകുമ്പോഴേക്കും എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടുവരുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ